Phone : 0471 2723455
0471 2312266 - 20
Fax : 0471 2720629

# KERALA PRADESH CONGRESS COMMITTEE (I)

**RAMESH CHENNITHALA**
**President**

Indira Bhavan
Thiruvananthapuram - 10

ബഹുമാന്യ സുഹൃത്തേ,

കെ.പി.സി.സി. പ്രസിഡന്റായി ഞാൻ ചുമതല ഏറ്റെടുത്തശേഷം പാർട്ടിയെ ശക്തിപ്പെടുത്തുന്നതിന് സംഘടനയുടെ വിവിധ തലങ്ങളിൽ നടപ്പാക്കിവരുന്ന പ്രവർത്തനങ്ങളിൽ താങ്കളും പങ്കാളിയാണല്ലോ. ചരിത്രപരമായ ഒരു ദൗത്യമേറ്റെടുക്കുന്നു എന്ന ഉത്തമബോധ്യത്തോടെയാണ് ഞാൻ ഈ ചുമതല സ്വീകരിച്ചത്. കുറച്ചു കാലമായി ഉൾപ്പാർട്ടിപ്രശ്നങ്ങളുടെ ആലസ്യത്തിലായിയിരുന്ന പാർട്ടിയെ എല്ലാ രംഗത്തും ശക്തമാക്കുക എന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനത്തിൽ എല്ലാതലത്തിലുമുള്ള പാർട്ടിപ്രവർത്തകരുടെ യോജിച്ച മുന്നേറ്റം ഞാൻ അഭ്യർത്ഥിക്കുന്നു.

ആയിരക്കണക്കായ എന്റെ സഹപ്രവർത്തകരുടെ കഠിനപ്രയത്നവും കലവറയില്ലാത്ത സഹകരണവും കൊണ്ടുമാത്രമേ നമുക്കീ ദൗത്യം പൂർത്തീകരിക്കാനാകൂ. കോൺഗ്രസ്സ് സംഘടനയെ ശക്തമാക്കുന്നതിൽ സുപ്രധാന പങ്കു വഹിക്കേണ്ടത് ബൂത്ത്, വാർഡ്, മണ്ഡലം, ബ്ലോക്ക് കമ്മിറ്റികളാണെന്ന വസ്തുത ഞാൻ പ്രത്യേകം ഓർമ്മിപ്പിക്കുന്നു. ജില്ലാ കോൺഗ്രസ്സ് കമ്മിറ്റികൾക്കും പ്രദേശ് കോൺഗ്രസ്സ് കമ്മിറ്റികൾക്കും ഇവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക എന്ന ചുമതലയാണുള്ളത്.

കഴിഞ്ഞ കുറെക്കാലമായി പാർട്ടിയിൽ നിലനിന്ന ഗ്രൂപ്പിസത്തിന്റെ ദോഷഫലങ്ങൾ നമുക്ക് അനുഭവിക്കേി വന്നു. പക്ഷേ, വിഭാഗീയ ചിന്തയും പ്രവർത്തിയും ആത്യന്തികമായി നമ്മുടെ പ്രസ്ഥാനത്തിന് ദോഷമുണ്ടാക്കി എന്ന് എല്ലാവർക്കും മനസ്സിലായിക്കഴിഞ്ഞു. ഈ അവസ്ഥയ്ക്ക് നാമെല്ലാം ഉത്തരവാദികളാണ്. പക്ഷേ, തെറ്റുകൾ ഇനി ആവർത്തിച്ചുകൂടാ. പോയ കാലത്തെക്കുറിച്ചോർത്ത് ദുഃഖിക്കേണ്ട സന്ദർഭവുമല്ലിത്, അതിൽനിന്നെല്ലാം പാഠം ഉൾക്കൊണ്ട് മഹത്തായ കോൺഗ്രസ്സ് പ്രസ്ഥാനത്തിനെ അതിന്റെ സുവർണ്ണ യുഗത്തിലേക്ക് നയിക്കുക എന്നതാണ് നമ്മൾ ഓരോരുത്തരുടെയും ചുമതല.

താഴെതലത്തിൽ പ്രവർത്തിച്ചില്ലെങ്കിലും ഗ്രൂപ്പുപ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാനമാനങ്ങൾ നേടാമെന്നും; നിലനിർത്താമെന്നുമുള്ള സ്ഥിതിവിശേഷം പാർട്ടിയിൽ ഉണ്ടായിരുന്നു. ഇനി നമുക്ക് അതൊന്നും അനുവദിക്കാനാവില്ല. പാർട്ടിപദവികൾ വഹിക്കുന്നവർ അവരുടെ സ്ഥാനത്തോട് നീതി പുലർത്താനും ചുമതലകൾ അർപ്പണബോധത്തോടെ, പ്രേരണ കൂടാതെ നിർവ്വഹിക്കാനും തയ്യാറാവുന്നില്ലെങ്കിൽ തൽസ്ഥാനങ്ങൾ ഉപേക്ഷിച്ച്, പ്രവർത്തിക്കാൻ സമയവും സന്നദ്ധ

തയും ഉള്ളവരെ അതേല്പിക്കേി വരും. എല്ലാ ഘടകങ്ങളിലുമുള്ള പാർട്ടി ഭാരവാഹികൾ ഇക്കാര്യത്തിൽ ആത്മപരിശോധന നടത്തി തീരുമാനം കൈക്കൊള്ളുന്നതാണ് അഭികാമ്യം. ബൂത്ത് തലം മുതൽ കെ.പി.സി.സി. വരെ നിരന്തരവും സജീവവുമായ പ്രവർത്തനത്തിന് വിഘാതമാവുകയല്ല, സഹായകരമായി നിലകൊള്ളുകയാണ് വേണ്ടതെന്ന് പാർട്ടിയുടെ എല്ലാ ഭാരവാഹികളേയും ഞാൻ ഓർമ്മിപ്പിക്കുന്നു.

താൽക്കാലിക വികാരം കൊണ്ടോ തെറ്റിദ്ധാരണകൾ മൂലമോ മാതൃസംഘടയിൽ നിന്നും ചിലർ അടുത്തകാലത്ത് വിട്ടുപോയിട്ടുണ്ട്. അവരെ പാർട്ടിയിൽ തിരികെ കൊണ്ടുവരാനും, പാർട്ടിയിൽ അർഹമായ അംഗീകാരം നൽകാനും എല്ലാ തലത്തിലുമുള്ള നേതാക്കളും പ്രവർത്തകരും താൽപര്യമെടുക്കണമെന്ന് പ്രത്യേകം ഓർമിപ്പിക്കട്ടെ.

കേരളത്തിലെ കോൺഗ്രസ്സ് സംഘടന ഒരിക്കൽകൂടി ഒരു പരീക്ഷണ ഘട്ടത്തിലെത്തിയിരിക്കുകയാണ്  പക്ഷേ, പിന്നിട്ടവഴികളിൽ നാം അതിജീവിച്ച പ്രതിസന്ധികളേക്കാൾ കൂടുതലായി ഒന്നുമില്ല. പാർട്ടിപ്രവർത്തകർ ആത്മാർത്ഥതയോടെ ഒറ്റക്കെട്ടായി അണിചേർന്ന് പ്രവർത്തിച്ചാൽ ഏതു പ്രതിസന്ധിയേയും നമുക്ക് തരണം ചെയ്യാൻ കഴിയും. അതിനുപക്ഷേ; സന്മനസ്സും പ്രതിബദ്ധതയും നാമോരോരുത്തരിലും ഉണ്ടാകണം. നമുക്കു മാത്രമേ നമ്മുടെ സംഘടനയെ ശക്തിപ്പെടുത്താൻ കഴിയൂ; നമ്മുടെ യോജിച്ച പ്രവർത്തനം കൊണ്ടു മാത്രമേ പാർട്ടിയെ ഇന്നത്തെ പ്രതിസന്ധിയിൽ നിന്നും രക്ഷിക്കാൻ കഴിയൂ. കോൺഗ്രസ്സിലെ എല്ലാ തട്ടിലുമുള്ള ഭാരവാഹികളോടും ജനപ്രതിനിധികളോടും പോഷകസംഘടന–സെൽ നേതാക്കളോടും എന്റെ നേരിട്ടുള്ള അഭ്യർത്ഥനയായി ഈ കത്തിനെ കാണണം.

പാർട്ടിയെ ശക്തിപ്പെടുത്തുക എന്നത് പറയുംപോലെ അത്ര ലളിതമായ കാര്യമല്ല. സാമൂഹ്യജീവിതത്തിന്റെ സമസ്തമേഖലയിലും ശക്തിശേഖരിച്ചെങ്കിലേ അതു സാധ്യമാകൂ. ബഹുജനസമ്പർക്കം ശക്തിപ്പെടുത്തി സാമൂഹ്യ പ്രശ്നങ്ങളിൽ ഇടപെട്ടുകൊണ്ട് പാർട്ടിഘടകങ്ങളെ ശക്തമാക്കുവാൻ നിങ്ങളോരോരുത്തരോടും ഞാൻ അഭ്യർത്ഥിക്കുന്നു. ജനകീയ പ്രശ്നങ്ങളിലെ സമയോചിതമായ ഇടപെടലും പ്രാദേശിക സംഭവവികാസങ്ങളിലെ നേതൃപരമായ പങ്കാളിത്തവും ഇക്കാര്യത്തിൽ അത്യന്താപേഷിതമാണെന്ന് ഞാൻ ഓർമ്മിപ്പിക്കട്ടെ.

കോൺഗ്രസ്സിന്റെ ശക്തി വർദ്ധിക്കുന്നത് പോഷക സംഘടനകൾ ശക്തമാകുമ്പോഴാണെന്നത് പ്രത്യേകം പറയേണ്ടതില്ലല്ലോ. കെ.എസ്.യു.വും യൂത്ത് കോൺഗ്രസ്സും ശക്തിപ്രാപിച്ചാൽ കോൺഗ്രസ്സ് പ്രവർത്തനം കൂടുതൽ ഊർജ്ജസ്വലമാകും. പുരോഗമന ചിന്തയും വേറിട്ട കാഴ്ചപ്പാടും ചുറുചുറുക്കുമുള്ള യുവാക്കളുടെ കഴിവ് പാർട്ടിയുടെ എല്ലാഘടകങ്ങളും ഉപയോഗപ്പെടുത്തണം. അതോടൊപ്പം മറ്റു പോഷകസംഘടനകളും സെല്ലുകളും അവരവരുടെ മേഖലകളിൽ കൂടുതൽ ശ്രദ്ധ പതിപ്പിച്ച് പ്രവർത്തനം ഉഷാറാക്കണം.

ഇപ്പോൾ കെ.പി.സി.സി. തയ്യാറാക്കിയിരിക്കുന്ന പരിപാടികൾ പാർട്ടിയെ ശക്തിപ്പെടുത്താനുള്ള കാൽവയ്പ്പാണ്. പരിപാടിയിൽ പ്രത്യേകം ഊന്നൽ നൽകിപറഞ്ഞിട്ടുള്ള വാർഡുകമ്മിറ്റിയുടെ രൂപീകരണം കൂടി പൂർത്തിയാകുമ്പോൾ ഘടനാപരമായ ദൗർബല്യങ്ങൾ മാറി സംഘടന പൂർണ്ണ പ്രവർത്തനസജ്ജമാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

ഗുരുതരമായ പ്രതിസന്ധികളിലൂടെ പാർട്ടി കടന്നുപോകുന്ന സമയത്താണ് 30.6.2005 ൽ കെ.പി.സി.സി. പ്രസിഡന്റായി ഞാൻ ചുമതലയേറ്റതെന്ന കാര്യം താങ്കൾ ഓർക്കുമല്ലോ. പ്രതിസന്ധികളുടെ ഈ ഘട്ടത്തിൽ പല തെരഞ്ഞെടുപ്പുകളും നമുക്ക് അഭിമുഖീകരിക്കേണ്ടിവന്നു. പലതും പരാജയമായിരുന്നു. ഓരോ തെരഞ്ഞെടുപ്പുകളിലും ശക്തി വർദ്ധിപ്പിക്കാനും ഇടതുശക്തികേന്ദ്രങ്ങളിൽ വിള്ളലുണ്ടാക്കി വോട്ടുവർദ്ധിപ്പിക്കുവാനും നമുക്ക് കഴിഞ്ഞു. ഈ ഘട്ടങ്ങളിലൊക്കെ അടിപതറാതെ കഠിനാദ്ധ്വാനം ചെയ്ത ഓരോ പാർട്ടിപ്രവർത്തകനേയും പ്രത്യേകം പ്രത്യേകം അഭിവാദ്യം ചെയ്യുന്നു.

ഇനിയുള്ള പ്രവർത്തനങ്ങളിൽ പാർട്ടിയുടെ ബഹുജന അടിത്തറ കൂടുതൽ ശക്തമാക്കാൻ ഓരോ കോൺഗ്രസ്സ് പ്രവർത്തനും താഴെപ്പറയുന്ന കാര്യങ്ങളിൽ പ്രത്യേകം ശ്രദ്ധ അർപ്പിക്കേണ്ടതാണ്.

താങ്കളുടെ പ്രവർത്തനമേഖലയിൽ ഉയർന്നുവരുന്ന എല്ലാ സാമൂഹ്യപ്രശ്നങ്ങളിലും താങ്കളുടെ സജീവമായ ഇടപെടലുണ്ടാവണം. ഇത്തരം പ്രശ്നങ്ങളിൽ നന്മയുടെ ഭാഗത്ത് നിലകൊള്ളാനും ജനപക്ഷത്തുനിന്നുകൊണ്ട് സാമൂഹ്യപ്രശ്നങ്ങളിൽ പ്രതികരിക്കാനും എല്ലാവരും തയ്യാറാകേണ്ടതാണ്. അവകാശങ്ങൾ നിഷേധിക്കപ്പെടുമ്പോഴും ഭരണത്തിന്റെ പിൻബലത്തിൽ നീതിനിഷേധം നടക്കുമ്പോഴും കാഴ്ച്ചക്കാരെപ്പോലെയല്ല, മുൻനിരപോരാളികളായി രംഗത്തുവരാനാണ് ഓരോ കോൺഗ്രസ്സ് പ്രവർത്തകനും തയ്യാറാകേണ്ടത്. അച്ചടക്കവും ചിട്ടയുമുള്ള സംഘടനാ പ്രവർത്തനമാണ് പാർട്ടിയുടെ വളർച്ചയ്ക്ക് ഇന്ന് ഏറ്റവും ആവശ്യമായിട്ടുള്ളത്. വിവിധ കമ്മിറ്റികളുടെ ഫലപ്രദമായ പ്രവർത്തനം എല്ലാ ഭാരവാഹികളെയും കമ്മിറ്റി അംഗങ്ങളെയും സഹകരിപ്പിച്ചുകൊണ്ട് നടത്തേത്. ഏതെങ്കിലും വിഷയത്തിൽ ഭിന്നാഭിപ്രായമുണ്ടായാൽ പാർട്ടിയുടെ ബന്ധപ്പെട്ട കമ്മിറ്റികൾ കൂടി ചർച്ചചെയ്ത് തീരുമാനമുണ്ടാക്കണം. ഉപരികമ്മിറ്റികളുടെ സഹായം ആവശ്യമുള്ള ഘട്ടത്തിൽ അതും തേടേണ്ടതാണ്. ഇത്തരം കാര്യങ്ങൾ ഒരു തരത്തിലും പരസ്യവിവാദമാകാതെ സൂക്ഷിക്കണം. ഏതു കാര്യത്തിലും പാർട്ടികമ്മിറ്റിയിൽ ചർച്ചചെയ്തു തീരുമാനകക്കുന്നതിനു പകരം പത്രമാധ്യമങ്ങളുടെ സഹായം തേടി വിവാദം സൃഷ്ടിക്കുന്നത് അഭികാമ്യമല്ല. ഇക്കാര്യം എല്ലാ നേതാക്കളും ശ്രദ്ധിക്കുകയും പാലിക്കുകയും ചെയ്യേണ്ടതാണ്. എന്നാൽ പാർട്ടിയുടെ പൊതുവായ നിലപാടുകളും പരിപാടികളും മാധ്യമങ്ങൾ മുഖേന ജനശ്രദ്ധയിൽ എത്തിക്കുന്നതിന് തടസ്സമാകരുത്.

കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളുടെയും പ്രവർത്തനം മണ്ഡലം കമ്മിറ്റികളും ബ്ലോക്ക് പഞ്ചായത്ത്, മുനിസിപ്പാലിറ്റി എന്നിവയുടെ പ്രവർത്തനം ബ്ലോക്ക് പഞ്ചായത്തും ജില്ലാ പഞ്ചായത്തും അടിയന്തിരമായും സമൂലമായും വിലയിരുത്തണം. പാർട്ടി ഭരണത്തിലുള്ള സ്ഥലങ്ങളിൽ മാത്രമല്ല എല്ലാസ്ഥലത്തും ചർച്ച നടത്തി ജനദ്രോഹനയങ്ങൾക്കെതിരെ ശബ്ദമുയർത്തണം. പാർട്ടി ഭരണമുള്ള എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പാർട്ടി കമ്മിറ്റികളുടെ നിർദ്ദേശം പാലിക്കാൻ ബാധ്യസ്ഥരാണ്. ജനപ്രതിനിധകൾ അവരുടെ പ്രവർത്തനത്തിൽ പാർട്ടികമ്മിറ്റികളുടെ ഉപദേശം തേടേണ്ടതാണ്.

കർഷകർ, കർഷകത്തൊഴിലാളികൾ, പട്ടികജാതിക്കാർ, ആദിവാസികൾ, വിദ്യാർത്ഥികൾ, സ്ത്രീകൾ, യുവാക്കൾ മറ്റസംഘടിത വിഭാഗങ്ങൾ തുടങ്ങി സമൂഹത്തിലെ എല്ലാ വിഭാഗങ്ങളു

ടെയും പ്രശ്നങ്ങളുയർത്തിപ്പിടിക്കുന്ന കാര്യത്തിൽ ബന്ധപ്പെട്ട പോഷകസംഘടനകൾ, സെല്ലുകൾ, പാർട്ടിഘടകങ്ങൾ എന്നിവ സജീവ ശ്രദ്ധ പതിപ്പിക്കേതാണ്.

പാർട്ടിയുടെ എല്ലാ ഘടകകമ്മിറ്റികളെയും ശക്തിപ്പെടുത്തേണ്ടത് ആവശ്യമായി വന്നിരിക്കുകയാണ്. എല്ലാ ഘടകങ്ങൾക്കും സ്വന്തമായ ആസ്ഥാനമന്ദിരം നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ അതാതുഘടകങ്ങൾ രൂപം കൊടുത്ത് സമയബന്ധിതമായി നടപ്പാക്കണമെന്ന് കെ.പി.സി.സി. ആഗ്രഹിക്കുന്നു. പ്രവർത്തകരുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തവും നടത്തിപ്പിലെ സുതാര്യതയും ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

എല്ലാ പാർട്ടിഘടകങ്ങൾക്കും സ്വന്തമായ പ്രവർത്തനഫണ്ട് രൂപീകരിക്കുന്നത് പാർട്ടിപ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സഹായകരമാകും. പൊതുജനങ്ങളിൽ നിന്ന് സംഭരിക്കുന്ന ഫണ്ടിന്റെ സ്വരൂപണത്തിനും വിനിയോഗത്തിലും കർശനമായും സുതാര്യത ഉറപ്പുവരുത്തേണ്ടതാണ്.

അടുത്തകാലത്തായി കെ.പി.സി.സി.-ഡി.സി.സി. കമ്മിറ്റികൾ ആവിഷ്കരിക്കുന്ന പരിപാടികളല്ലാതെ കീഴ്ഘടകങ്ങൾ സ്വന്തമായി പ്രവർത്തനങ്ങളാവിഷ്ക്കരിക്കുന്നത് കുറഞ്ഞുവരുന്നതായി കെ.പി.സി.സി.ക്ക് ബോധ്യപ്പെട്ടിട്ടുണ്ട്. വാർഡ്തലം മുതലുള്ള പാർട്ടിഘടകങ്ങൾ സ്വന്തമായ പ്രവർത്തനപരിപാടികൾ ഏറ്റെടുത്ത് നടപ്പാക്കണം. പാർട്ടിയുടെ എല്ലാ ഘടകകമ്മിറ്റികളും സമയബന്ധിതമായി ചേരുകയും ഏറ്റെടുത്ത് നടപ്പാക്കുന്ന പരിപാടികൾ പാർട്ടിഭരണഘടനയ്ക്ക് വിധേയമാണെന്ന് കർശനമായി ഉറപ്പുവരുത്തുകയും ചെയ്യണം. വാർഡ്, മണ്ഡലം കമ്മിറ്റികൾ കൂടുന്നതിന് മേൽഘടകത്തിന്റെ നിർദ്ദേശത്തിനായി കാത്തിരിക്കേണ്ടതില്ല. എന്നാൽ, അത് പാർട്ടി അച്ചടക്കത്തിനു വിധേയമായിരിക്കുകയും വേണം.

സാമൂഹ്യ-സാംസ്കാരിക മേഖലകളിൽ പാർട്ടിപ്രവർത്തകരുടെ പങ്കാളിത്തം വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. ചില പ്രദേശങ്ങളിൽ നമ്മുടെ പ്രവർത്തകർ ഈ രംഗത്ത് സജീവമാണ്. പക്ഷേ, മിക്ക സ്ഥലങ്ങളിലും അതല്ല സ്ഥിതി. അതു മാറണം. ഗ്രന്ഥശാലകൾ, സാഹിത്യഅരങ്ങുകൾ, സ്പോർട്സ് ക്ലബ്ബുകൾ, ഗ്രാമസഭകൾ, കുടുംബശ്രീ, അയൽക്കൂട്ടങ്ങൾ പൗരസമിതികൾ എന്നിവയിൽ പാർട്ടി പ്രവർത്തകർ വളരെ സജീവമായി പങ്കെടുക്കണം. അത്തരം സംഘടനകളുടെ നേതൃത്വത്തിലേക്കു കടന്നുവന്ന് പുതിയ തലമുറയ്ക്ക് ശരിയായ ദിശാബോധം നൽകേണ്ടതും ആവശ്യമുള്ളിടത്ത് പുതിയ സംഘടനകൾ രൂപീകരിച്ചുപ്രവർത്തിക്കേണ്ടതും നമ്മുടെ ചുമതലയാണ്. ഓണം, നബിദിനം, ക്രിസ്മസ്സ് എന്നിവയൊക്കെ മലയാളികൾ ദേശീയ ആഘോഷങ്ങളായാണ് കൊണ്ടാടുന്നത്. ജനങ്ങളുമായി ഇഴുകിച്ചേരാനും പ്രാദേശിക ബന്ധങ്ങൾ ഊട്ടിയുറപ്പിക്കാനും ഈ സന്ദർഭങ്ങളിൽ പാർട്ടിപ്രവർത്തകർക്ക് കഴിയണം.

കോൺഗ്രസ്സ് ഉയർത്തിപ്പിടിക്കുന്ന മതേതരത്വം ഒരുതരത്തിലും മതനിഷേധമല്ല. മതങ്ങളേയും ദർശനങ്ങളേയും, ആ പശ്ചാത്തലത്തിലൂടെ സാമൂഹ്യപരിഷ്കർത്താക്കളായി ഉയർന്ന മഹത്വ്യക്തിത്വങ്ങളേയും ഉൾക്കൊള്ളുന്ന വിശാലമായ കാഴ്ച്ചപ്പാടാണ് നമുക്കുള്ളത്. എല്ലാ സംസ്കാരങ്ങളേയും ഉൾക്കൊള്ളുന്ന ഭാരതീയ പാരമ്പര്യം കൊണ്ട് സമ്പന്നവും അനുഗ്രഹീതവുമാണ് കോൺഗ്രസ്സ് പാർട്ടി. എന്നാൽ, മതതീവ്രവാദത്തെയും, വർഗ്ഗീയതയെയും ഒരു ഘട്ടത്തിലും പാർട്ടി അംഗീകരിക്കു

ന്നില്ല. അതുപോലെ ഭൂരിപക്ഷ–ന്യൂനപക്ഷവർഗ്ഗീയതകളെ ഒരു പോലെ വർജ്ജിക്കണം.

ആരാധനാലയങ്ങൾ നന്മയുടെ പ്രതീകങ്ങളാണ്. ശുദ്ധമനസ്സോടെ മനുഷ്യർ സമ്മേളിക്കുന്ന വിശുദ്ധകേന്ദ്രങ്ങളാണ് അവ. ദൈവനിഷേധം പ്രത്യയശാസ്ത്രബാധ്യതയായി കൊണ്ടുനടക്കുന്ന വരും നമുക്കുചുറ്റും ഉന്നെ കാര്യം വിസ്മരിച്ചുകൂടാ. എന്നാൽ, ഓരോരോ അവസരങ്ങളിൽ മത ത്തേയും ആരാധനാലയങ്ങളേയും ചൂഷണം ചെയ്യാൻ ഇക്കൂട്ടർക്ക് യാതൊരു മടിയുമുണ്ടായിട്ടി ല്ല. പക്ഷേ നമ്മുടെ നിലപാട് ആത്മാർത്ഥവും സുവ്യക്തവുമാണ്. ക്ഷേത്രങ്ങളും പള്ളികളും മോസ്കു കളും മറ്റ് ആരാധനാകേന്ദങ്ങളും മനുഷ്യനന്മയുടെ പ്രതീകങ്ങളാണെന്ന് നമ്മൾ വിശ്വസിക്കുന്നു.

സ്വാതന്ത്ര്യാനന്തരകാലഘട്ടത്തിൽ ഉായിരുന്ന രാഷ്ട്രീയത്തിൽ നിന്നും വിഭിന്നമാണ് വർത്ത മാനകാലരാഷ്ട്രീയം. സ്വാതന്ത്ര്യസമരകാലത്ത് മഹാത്മജി എന്ന റോൾ മോഡൽ ഉണ്ടായിരുന്നു. ഇന്നങ്ങനെയുള്ള നേതാക്കൾ തീരെയില്ലെന്നല്ല. പക്ഷേ അത്യപൂർവ്വമാണ് ഇത്തരം സവിശേഷതക ളുള്ള നേതാക്കൾ. യുഗപ്രഭാവന്മാരായ നേതാക്കളെ മാതൃകയാക്കി ഓരോ കോൺഗ്രസ്സ് പ്രവർത്ത കനും റോൾ മോഡലാകാൻ ശ്രമിക്കണം. ജനങ്ങളുടെ സ്നേഹവും വിശ്വാസവും പിന്തുണയും നേടിയെടുക്കാൻ കഴിയുമ്പോഴാണ് നേതാക്കന്മാർ സൃഷ്ടിക്കപ്പെടുന്നത്. അങ്ങനെ ശക്തരാകുന്ന നേതാക്കൾ പാർട്ടിയുടെ പ്രാദേശിക ശക്തിസ്രോതസ്സുകളാണ്.

110 കോടിയിലേറെ ജനങ്ങളുള്ള ഭാരതത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സാണ് രാജ്യ ത്തിന്റെ സാംസ്കാരിക പൈതൃകം പൂർണ്ണമായി ഉൾക്കൊള്ളുന്ന ഏക രാഷ്ട്രീയ പ്രസ്ഥാനം. നൂറ്റി യിരുപതു വർഷത്തെ പ്രവർത്തനപന്ഥാവിൽ മഹാരഥന്മാരായ ആയിരക്കളക്കിനു നേതാക്കളുടെ നേതൃപാടവം കൊും ത്യാഗസന്നദ്ധത കൊണ്ടുമാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് കൊടുങ്കാറ്റുകളെ അതിജീവിച്ച് ലോകത്തിനാകെ മാതൃകയായി നിലകൊള്ളുന്നത്. അനശ്വരപ്രതിഭ കളായ ആ നേതാക്കളുടെ ചൈതന്യവും പാരമ്പര്യവും തുടരേണ്ടത് നിങ്ങളിൽ ഓരോരുത്തരിലൂ ടെയുമാണെന്നുള്ള സത്യം ആരും വിസ്മരിച്ചുകൂടാ.

പാർട്ടിപ്രവർത്തകരേക്കാൾ അസംഘടിതരായ അനുഭാവികളുടെ പിൻതുണയുള്ള പാർട്ടിയാണ് കോൺഗ്രസ്സ്. ചിലപ്പോഴൊക്കെ വികാരവിക്ഷോഭങ്ങളാൽ അവർ പൊട്ടിത്തെറിച്ചെന്നിരിക്കും. പക്ഷേ സമൂഹത്തിന്റെ യഥാർത്ഥ പരിച്ഛേദമായ ഈ അസംഘടിത വിഭാഗം എന്നും നമ്മുടെ ശക്തിയാണ്. അവരുടെ പ്രശ്നങ്ങൾ, വേദനകൾ സ്വന്തം പ്രശ്നമായി, വേദനയായി കാണാൻ ഓരോ കോൺഗ്രസ്സ് പ്രവർത്തകനും കഴിയണം. അവരെ കേൾക്കാനും, അവരുടെ നിർദ്ദേശങ്ങൾക്ക് വിലകൽപ്പിക്കാനും പാർട്ടിഘടകങ്ങൾ തയ്യാറാകണം.

പാവപ്പെട്ടവരും സാധാരണക്കാരുമായ ജനങ്ങളാണ് ഭരണകൂടങ്ങളെ സൃഷ്ടിക്കുന്നതും കട പുഴക്കി എറിയുന്നതും. അവർക്ക് രാഷ്ട്രീയപാർട്ടികളെ വിസ്മൃതിയിലാക്കാനും കഴിയും. അവർ ആരെയും അന്ധമായി വിശ്വസിക്കുന്നില്ല. പക്ഷേ, ഇന്ത്യ അവരിലാണ് ജീവിക്കുന്നത്. ഗാന്ധിജിയും നെഹ്റുജിയും ഇന്ദിരാജിയും രാജീവ്ജിയും അവരിലേക്കിറങ്ങിച്ചെന്ന ദേശീയനേതാക്കളാണ്. സോണി യാജി ഇന്ത്യയിലെ സാധാരണക്കാർക്കിടയിൽ പ്രവർത്തിച്ച് പാർട്ടിയെ നയിക്കുന്നു. ആ വംശപരമ്പ രയിലെ കണ്ണിയാണെന്ന ബോധ്യം നമ്മളോരോരുത്തർക്കും ഉണ്ടാവണം. ആ പാരമ്പര്യത്തിന്റെ സന്ദേശവാഹകരായി നിങ്ങളെ ജനങ്ങൾക്ക് തിരിച്ചറിയാൻ കഴിയുകയും വേണം. ഏതവസരത്തിലും

പാവപ്പെട്ടവർക്കും, സാധാരണക്കാർക്കും ആശ്രയിക്കാവുന്ന വ്യക്തിത്വങ്ങളായി പാർട്ടിപ്രവർത്തകർ മാറണം.

സമൂഹത്തെ കാർന്നുതിന്നുന്ന സാമൂഹ്യവിപത്തുകൾക്കെതിരെയും നമുക്കു പ്രതികരിക്കേണ്ടതു്. മദ്യവും മയക്കുമരുന്നും അനാഥമാക്കിയ എത്രയോ കുടുംബങ്ങളാണ് നിങ്ങൾക്കു ചുറ്റുമുള്ളത്. ചെറിയ പ്രായത്തിൽത്തന്നെ മദ്യത്തിനും ലഹരിപദാർത്ഥങ്ങൾക്കും അടിമകളായി എത്രയോ യുവത്ത്വങ്ങളാണ് കരിഞ്ഞുപോകുന്നത്. വേദനിക്കുന്ന ഈ കുടുംബങ്ങളെ സഹായിക്കാനും യുവാക്കൾക്ക് നേർവഴി കാട്ടിക്കൊടുക്കാനും പ്രാദേശിക പാർട്ടിഘടകങ്ങൾക്ക് ഉത്തവാദിത്തമുണ്ട്.

വിവാഹങ്ങളിലും മരണാനന്തരചടങ്ങുകളിലും പാർട്ടിപ്രവർത്തകരുടെ സാന്നിധ്യം ശക്തമായിരുന്ന ഒരു കാലമുായിരുന്നു. ഇന്നുപക്ഷേ ഈ ചടങ്ങുകളിലൊക്കെ നമ്മുടെ പ്രവർത്തകരിൽ ഭൂരിപക്ഷവും വെറും കാഴ്ച്ചക്കാരാണ്. ജനങ്ങളുടെ സുഖദുഃഖങ്ങളിൽ പങ്കാളികളായി അവരുടെ കുടുംബത്തിലെ അംഗത്തെപ്പോലെ സഹകരിച്ചുപ്രവർത്തിക്കുന്ന മാതൃകാപ്രവർത്തനമാണ് പാർട്ടിനിങ്ങളിൽ ഓരോരുത്തരിൽ നിന്നും പ്രതീക്ഷിക്കുന്നത്.

ആരുടെയും ശ്രദ്ധയിൽപ്പെടാതെ പലരോഗങ്ങൾക്കും അടിമപ്പെട്ടവരും ചികിത്സിക്കാൻ കഴിവില്ലാത്തവരും സഹായം അർഹിക്കുന്ന സാധുക്കളുമായ ധാരാളം ആൾക്കാർ നിങ്ങളുടെ ചുറ്റുമുണ്ട്. അവർക്ക് ആശ്വാസമെത്തിക്കാനുള്ള പ്രവർത്തനങ്ങൾക്ക് പാർട്ടി പ്രാദേശികഘടകങ്ങളും നേതാക്കളും മുൻകൈയ്യടുക്കണം രക്തബാങ്ക് രൂപീകരിക്കുക, ഓപ്പറേഷനാവശ്യമുള്ളവരെ സഹായിക്കുക തുടങ്ങിയ ജീവകാരുണ്യപ്രവർത്തനങ്ങൾക്കും താങ്കൾ നേതൃത്വ കൊടുക്കേണ്ടതാണ്. ആലംബഹീനർക്ക് ആശ്രയിക്കാവുന്നവരാണ് പ്രാദേശിക കോൺഗ്രസ്സ് നേതാക്കളെന്ന വിശ്വാസം ഉണ്ടാക്കിയെടുക്കണം. ജനങ്ങളുടെ വിശ്വാസവും ആദരവും ആർജിക്കുവാൻ ഇതുകൊ് സാധിക്കും.

പാർട്ടിപ്രവർത്തകർ നിർബന്ധമായും വായനാശീലം വളർത്തണം. ലോകത്തുനടക്കുന്ന സുപ്രധാനസംഭവങ്ങൾ എല്ലാം നമ്മുടെ പാർട്ടികമ്മിറ്റികൾ ചർച്ചചെയ്യണം. പാർട്ടിഭാരവാഹികൾ ഇത്തരം വിഷയങ്ങളിൽ അറിവുസമ്പാദിക്കുകയും പാർട്ടിക്കമ്മിറ്റികളിലൂടെ മറ്റുള്ളവർക്ക് പകർന്നുകൊടുക്കുകയും വേണം. പാർട്ടിഭരണഘടനയെക്കുറിച്ചും ആനുകാലികനിലപാടുകളെക്കുറിച്ചും ഓരോ പ്രവർത്തകനും മനസ്സിലാക്കേണ്ടതാണ്. കോൺഗ്രസ്സ് പാർട്ടിയുടെ മഹത്തായ ചരിത്രം ഓരോ പാർട്ടി ഭാരവാഹിയും ഹൃദിസ്ഥമാക്കണം.

പാർട്ടിമുഖപത്രമായ വീക്ഷണത്തിന് സ്ഥിരമായി വരിക്കാരെ ചേർക്കാനും സ്വയം വരിക്കാരാകാനും എല്ലാ പ്രവർത്തകരും തയ്യാറാകണമെന്ന് ആവർത്തിച്ച് ഓർമ്മപ്പെടുത്തുന്നു. ആനുകാലിക രാഷ്ട്രീയം സംബന്ധിച്ചുള്ള പാർട്ടിനിലപാടുകൾ മനസ്സിലാക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും വീക്ഷണം അവശ്യമാണെന്ന വസ്തുത പ്രത്യേകം ബോധ്യപ്പെടുത്തിരേ തില്ലല്ലോ.

നമുക്ക് ഭൂരിപക്ഷമില്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വികസനപ്രവർത്തനങ്ങൾ നടപ്പാക്കുന്നതിലും ആനുകൂല്യവിതരണത്തിലും കാണുന്ന വേർതിരിവ് ശ്രദ്ധിക്കേണ്ടതാണ്. നമ്മുടെ പ്രവർത്തകരേയും അനുഭാവികളേയും ഒഴിവാക്കുന്ന പ്രവണതയ്ക്കെതിരെ പാർട്ടിഘടകങ്ങൾ രംഗത്തുവരണം. കോൺഗ്രസ്സ് പ്രവർത്തകരും അനുഭാവികളുമാണെന്ന കാരണത്താൽ അവകാശങ്ങൾ

നിഷേധിക്കപ്പെടുന്നത് ഒരിക്കലും അനുവദിച്ചുകൂടാ. അഴിമതി, പദ്ധതിനടത്തിപ്പിലെ ക്രമക്കേടുകൾ, വികസനമില്ലായ്മ എന്നീ പ്രശ്നങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കെതിരെ ശക്തമായ പ്രക്ഷോഭം സംഘടിപ്പിക്കാൻ മണ്ഡലം ബ്ലോക്ക് കമ്മിറ്റികൾ തയ്യാറാകേണ്ടതാണ്.

കോൺഗ്രസ്സിന്റെ പ്രധാനപ്രവർത്തകനായ താങ്കളിലൂടെയാണ് ജനങ്ങൾ കോൺഗ്രസ്സിനെ കാണുന്നത്. അതുകൊുതന്നെ ഓരോ കോൺഗ്രസ്സ് പ്രവർത്തകന്റെയും വാക്കും പ്രവർത്തിയും ജനങ്ങൾ സസൂക്ഷ്മം ശ്രദ്ധിക്കുകയും വിലയിരുത്തുകയും ചെയ്യുമെന്ന കാര്യം മറക്കാതിരിക്കുക. പൊതുജീവിതത്തിലെന്നപോലെ വ്യക്തിജീവിതത്തിലും സമൂഹത്തിനാകെ മാതൃകയാകുന്ന ജീവിതശൈലി ഓരോ പാർട്ടീഭാരവാഹിയും സ്വമേധയാ സ്വായത്തമാക്കേണ്ടതാണ്.

അഴിമതി സാമൂഹ്യജീവിതത്തിൽ പടർന്നുപിടിക്കുകയാണ്. അഴിമതിക്കെതിരെ ധീരമായ നിലപാടെടുക്കാനും അവരവരുടെ പ്രവർത്തനമേഖലകളിൽ ജനങ്ങളുടെ സഹായത്തോടെ അഴിമതിക്കെതിരെ പ്രതിരോധനിര സൃഷ്ടിക്കാനും അതിലൂടെ ജനപിന്തുണയാർജ്ജിക്കാനും ഓരോ പാർട്ടിഭാരവാഹിയും തയ്യാറാകണം.

കോൺഗ്രസ്സ് ഒരു വലിയ കുടുംബമാണ്. അതിർവരമ്പുകളില്ലാത്ത കുടുംബം. ഇതുപോലെ സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും ഒരുമിച്ചുനിൽക്കാൻ കോൺഗ്രസ്സ് പാർട്ടി മാത്രമേയുള്ളു. അവരെ ഒരുമിപ്പിച്ചുനിർത്താൻ കോൺഗ്രസ്സിനു മാത്രമേ കഴിയൂ. അതുകൊണ്ടാണ് പാർട്ടിയുടെ ഉയർച്ചയിലും താഴ്ച്ചയിലും നാമെല്ലാം കോൺഗ്രസ്സിനെത്തന്നെ മുറുകെപ്പിടിച്ചത്. ആ മഹത്തായ കോൺഗ്രസ്സിനെ കാത്തുസൂക്ഷിക്കേണ്ടത് ഞാനും താങ്കളും അടക്കമുള്ള കോൺഗ്രസ്സ് പ്രവർത്തകരുടെ കടമയാണ്; ബാധ്യതയാണ്.

പാർട്ടിപ്രവർത്തകർ എന്ന നിലയിൽ പരസ്പരവിശ്വാസവും ആദരവും പുലർത്താനും, പാർട്ടിയുടെ ഉപരി കമ്മിറ്റികളും കീഴ്ഘടകങ്ങളും തമ്മിൽ സുദൃഢമായ ബന്ധം ഊട്ടിയുറപ്പിക്കാനും ഓരോ കോൺഗ്രസ്സ് പ്രവർത്തകനും തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. നാം ഒരു വലിയ കുടുംബമാണ്. കൂട്ടുകുടുംബത്തിലെ അംഗങ്ങൾ മാനസികഐക്യത്തോടെ ഒരേ ലക്ഷ്യത്തിലേക്കുള്ള നമ്മുടെ ചുവടുവയ്പ്പുകൾ അജയ്യവിജയത്തിലേക്കുള്ള ജൈത്രയാത്രയാകണം.

കെ.പി.സി.സി. പ്രസിഡന്റെന്ന നിലയിൽ പ്രവർത്തകരിൽ നിന്നും ബഹുജനങ്ങളിൽ നിന്നും ലഭിച്ച അറിവുകളുടേയും അനുഭങ്ങളുടേയും വെളിച്ചത്തിലാണ് ഈ കാര്യങ്ങൾ ഞാൻ നിങ്ങളുമായി പങ്കുവയ്ക്കുന്നത്. ഇക്കാര്യങ്ങളെല്ലാം മനസ്സിൽ വച്ചുകൊണ്ട് നമ്മുടെ പ്രസ്ഥാനത്തിന് കൂടുതൽ കരുത്തും ചൈതന്യവും ആർജിക്കുന്നതിനുള്ള യോജിച്ച പ്രവർത്തനത്തിനായി നമുക്ക് നമ്മെത്തന്നെ സമർപ്പിക്കാം.

ജയ് ഹിന്ദ്

സ്നേഹാഭിവാദ്യങ്ങളോടെ

**രമേശ് ചെന്നിത്തല**

പ്രസിഡന്റ്, കെ.പി.സി.സി.